നിർഭയ കേരളം സുരക്ഷിത കേരളം

130 (1835) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർഭയ കേരളം സുരക്ഷിത കേരളം എന്ന പദ്ധതി ആരംഭിച്ചതെന്നാണ്, ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്കായി മൊത്തം എത്ര തുക വകയിരുത്തി ; വെളിപ്പെടുത്തുമോ ;

(സി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നുണ്ടോ ; ഉണ്ടെങ്കിൽ 2011-നു ശേഷം ഓരോ വർഷവും റിപ്പോർട്ട് ചെയ്ത ഇത്തരം കേസുകൾ എത്ര വീതമുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നിർഭയ വാളണ്ടിയർമാർ പ്രവർത്തിക്കുന്നുണ്ടോ ; ഇവരുടെ പ്രവർത്തന ലക്ഷ്യം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 8-5-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിലെ പൈലറ്റ് പ്രോജക്ടായിട്ടാണ് 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതി ആരംഭിച്ചത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുകയും ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശനനടപടി സ്വീകരിക്കുകയും കോടതി നടപടികൾ വേഗത്തിലാക്കി കുറ്റക്കാർക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുകയും അതിക്രമത്തിന് ഇരയായവർക്ക് ആവശ്യമായ സംരക്ഷണം ഏർപ്പെടുത്തുക, പുനരധിവാസം, പുനരേകീകരണം, തൊഴിൽ, തുടർ വിദ്യാഭ്യാസം, പരിശീലനം എന്നിവ നൽകി സമൂഹത്തിൽ മറ്റുള്ളവരെപ്പോലെ മാന്യമായി ജീവിക്കാൻ അവരെ പ്രാപ്തരാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(ബി) പദ്ധതിയുടെ നടത്തിപ്പിലേക്കായി 7 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിരുന്നു. 2014-15-ൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ ഉപധനാഭ്യർത്ഥനവഴി അനുവദിച്ചിട്ടുണ്ട്.

996/2018

LIBRARY ARCHIVES Kerala Legislative Assembly

(സി) നേരിയ തോതിൽ വർദ്ധിച്ചു വരുന്നുണ്ട്. ഓരോ വർഷവും റിപ്പോർട്ട് ചെയ്ത കേസുകളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു :

2012	-	12985
2013	-	13864
2014	-	13887
2015 (7-6-2015 വരെ)	-	5252

(ഡി) പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ കണ്ടെത്തുന്നതിനായി വില്ലേജ് തലങ്ങളിൽ സർവ്വേ, ക്രൈം മാപ്പിംഗ് എന്നിവ നടത്തുക, അതാത് സ്ഥലങ്ങളിലെ ബന്ധപ്പെട്ട അധികാരികളുടെ സഹായത്തോടെ ഇത്തരം അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുക എന്നതാണ് ഇവരുടെ പ്രവർത്തന ലക്ഷ്യം.

ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ്‌വർക്ക് സിസ്റ്റം

131 (1836) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പദ്ധതിയായ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ്‌വർക്ക് സിസ്റ്റം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതി എങ്ങനെയാണ് നടപ്പാക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ബന്ധപ്പെട്ട മറ്റ് ഓഫീസുകളെയും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായകമാകുന്ന തരത്തിൽ ദേശീയതലത്തിൽ വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ അടിസ്ഥാന സൗകര്യവികസനം ഒരുക്കുക, പൊതുജനങ്ങൾക്ക് വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ സേവനങ്ങൾ ലഭ്യമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly